# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.921 | 30.01.2019 -ൽ മറുപടിയ്ക്ക്

### ചിമ്മിണി ഡാം

ചോദ്യം
ശ്രീ.മുരളി പെരുനെല്ലി

മറുപടി
കെ. കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | ചിമ്മിണി ഡാമിൽ നിന്നുള്ള വെള്ളം തൃശ്ശൂർ കോൾ നിലങ്ങളിൽ എത്തുന്നതിന് തടസ്സമുണ്ടാക്കി ഇല്ലിക്കൽ റെഗുലേറ്ററിനു സമീപം നിർമ്മിച്ചിരിക്കുന്ന ഏകദേശം 50 സെ.മീ. ഉയരത്തിലുള്ള കോൺക്രീറ്റ് തടയണ നീക്കം ചെയ്യുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | ഇല്ലിക്കൽ റെഗുലേറ്ററിനു സമീപം നിർമ്മിച്ചിരിക്കുന്ന ഏകദേശം 50 സെ.മീ. ഉയരത്തിലുള്ള കോൺക്രീറ്റ് തടയണ നീക്കം ചെയ്യുന്നത് സംബന്ധിച്ച് 04/01/2019 ൽ ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം2 ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ ചീഫ് എഞ്ചിനീയർ എന്നിവർ യോഗം ചേരുകയും ഇപ്പോൾ നീരൊഴുക്ക് സുഗമമായതിനാൽ റെഗുലേറ്ററിനു സമീപത്തെ കോൺക്രീറ്റ് തടയണ തൽകാലം പൊളിച്ചു മാറ്റേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഈ സീസൺ അവസാനിക്കുന്ന മെയ് 31 വരെ ഈ പ്രദേശത്തെ നീരൊഴുക്ക് നിരീക്ഷണം നടത്തുവാനും എപ്പോഴെങ്കിലും നീരൊഴുക്കിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുടർ നടപടികൾ മെക്കാനിക്കൽ ചീഫ് എഞ്ചിനീയർ സ്വീകരിക്കുന്നതുമാണ്. |
| ബി) | മണലൂർ മണ്ഡലത്തിൽ 2500 ഏക്കറിൽ ആദ്യമായി ഇരുപ്പൂകൃഷി ഇറക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ജലലഭ്യത ഉറപ്പാക്കാൻ അടിയന്തരമായി ഇടപെടുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | ബി) | മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ മണലൂർ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ 14.01.2019 ൽ ചേർന്ന യോഗത്തിൽ ഇരുപ്പൂകൃഷിക്ക് വേണ്ടി ഏപ്രിൽ 30 വരെ ജലവിതരണം നടത്തുന്നതിനാവശ്യമായ വെള്ളം അന്നത്തെ സംഭരണശേഷി അനുസരിച്ച് ചിമ്മിനി ഡാമിലുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ